കളെ പദ്ധതി വിഹിതത്തിന്റെ ലഭ്യത അനുസരിച്ച് സി.എച്ച്.സി. ആക്കി ഉയർത്തുകയാണ് നിലവിലുള്ള നയം.

176 (2362) ആയുർവേദ ബിരുദാനന്തര ബിരുദ പഠന സൗകര്യം

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. സി.പി. ബാലൻവൈദ്യർ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം വിഷയങ്ങളിലാണ് ആയുർവേദ ബിരുദാനന്തര ബിരുദ പഠന സൗകര്യമുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് കൂടുതൽ വിഷയങ്ങളിൽ ആയുർവേദ ബിരുദാനന്തരബിരുദ പഠനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) തൃപ്പൂണിത്തുറ, കണ്ണൂർ ആയുർവേദ കോളേജുകളിൽ ബിരുദാനന്തരബിരുദ പഠന കോഴ്സുകൾ ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ പ്രസ്തുത കോളേജുകളിൽ ബിരുദാനന്തരബിരുദ പഠന കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ടീച്ചർ ട്രെയിനി സ്കീമിൽ സ്വകാര്യ ആയുർവേദ കോളേജ് അദ്ധ്യാപകർക്ക് പോസ്റ്റ് ഗ്രാജുവേറ്റ് പഠനം നടത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) 1997-ലെ ആയുർവേദ അദ്ധ്യാപക സമരത്തിൽ ഒത്തുതീർപ്പു വ്യവസ്ഥ പ്രകാരം ബിരുദാനന്തരബിരുദ പഠനത്തിനു എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

1. കായചികിത്സ
2. ശല്യതന്ത്രം
3. ശാലാക്യതന്ത്രം
4. രസശാസ്ത്ര ആന്റ് ഭൈഷജ്യ കല്പന
5. ദ്രവ്യഗുണ വിജ്ഞാനം
6. സ്വസ്ഥവൃത്തം
7. പ്രസൂതി തന്ത്രം
8. സ്ത്രീരോഗം
9. ബെയ്സിക്ക് പ്രിൻസിപ്പൾ എന്നീ വിഷയങ്ങളിൽ ബിരുദാനന്തരബിരുദ പഠന സൗകര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) കണ്ണൂർ ആയുർവേദ കോളേജിൽ കൗമാര ഭൃത്യത്തിയും കണ്ണൂർ, തൃപ്പൂണിത്തുറ ആയുർവേദ കോളേജുകളിൽ ക്രീയാ ശരീരത്തിലും, കോട്ടയ്ക്കൽ ആയുർവേദ കോളേജുകളിൽ അഗദ തന്ത്രം, മാനസികരോഗ വിജ്ഞാനം എന്നിവയ്ക്കും പി.ജി. കോഴ്സ് തുടങ്ങുന്നതിന് പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി)&(ഇ) ആയുർവേദ കോളേജ് അദ്ധ്യാപകർക്ക് എ.ഐ.സി.റ്റി.ഇ. സ്കെയിലുകൾ അനുവദിച്ച ഉത്തരവിൽ അദ്ധ്യാപകർക്ക് പോസ്റ്റ് ഗ്രാജുവേറ്റ് പഠനത്തിന് പദ്ധതി ഉണ്ടാക്കും എന്ന് വ്യക്തമാക്കിയിരുന്നു. ഈ പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധനയിലാണ്. ഇതിൽ സ്വകാര്യ കോളേജ് അദ്ധ്യാപകരെ ഉൾപ്പെടുത്തണമോ എന്ന കാര്യവും പരിശോധിക്കുന്നതാണ്.

177 (2363) ആലപ്പുഴ ജില്ലാ ആയുർവേദ ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ആയുർവേദ ആശുപത്രിയുടെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ ആയുർവേദ ആശുപത്രിയുടെ വികസനത്തിനായി പുതിയതായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)-(സി) ജില്ലാ ആശുപത്രികളുടെ നടത്തിപ്പും നിയന്ത്രണവും പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്. ജില്ലാ ആശുപത്രി വികസനത്തിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തിന് കൈക്കൊള്ളാവുന്നതാണ്.

178 (2364) ആയുർവേദ ഡോക്ടർമാരുടെ പി.എസ്.സി. റാങ്കുലിസ്റ്റ്

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഡോക്ടർമാരുടെ പി.എസ്.സി. റാങ്കുലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ ലിസ്റ്റിന്റെ കാലാവധി എന്നുവരെ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23.8.1999 വരെ.

LIBRARY ARCHIVES Kerala Legislative Assembly